പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3281

11.05.2017 - ൽ മറുപടിക്ക്.

## പരിസ്ഥിതി സൗഹൃദ വ്യവസായങ്ങളെ പരിപോഷിപ്പിക്കുന്നതിനുള്ള നടപടി

| ചോദ്യം<br>ശ്രീ. എം. സ്വരാജ്. | മറുപടി<br>ശ്രീ. എ. സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി). |
|---|---|
| (എ) സംസ്ഥാനത്ത് പരിസ്ഥിതി സൗഹാർദ്ദമായ വ്യവസായങ്ങളെ പരിപോഷിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് അറിയിക്കാമോ ; | (എ) : (എ) യും (ബി)യും (സി)യും : പരിസ്ഥിതി സൗഹൃദ വ്യവസായങ്ങളായ റെഡിമെയ്ഡ് ഗാർമെന്റ്സ്, ഫുഡ് പ്രോസസിങ് എന്നിവയ്ക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20% സബ്സിഡി നൽകുന്നു. ജൈവ വിഘടിത പ്ലാസ്റ്റിക് ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനും, പ്ലാസ്റ്റിക് റീ സൈക്ലിങ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും ജൈവവള നിർമ്മാണത്തിനും പാരമ്പര്യേതര ഊർജ്ജ ഉത്പാദനത്തിനുള്ള യന്ത്രസാമഗ്രികൾ നിർമ്മിക്കുന്നതിനും 20% സബ്സിഡി നൽകുന്നു. വ്യവസായ വാണിജ്യ വകുപ്പ് സംഘടിപ്പിക്കുന്ന സെമിനാറുകളിലും ഇൻവെസ്റ്റേഴ്സ് മീറ്റിങ്ങുകളിലും ബോധവത്കരണ പരിപാടികളിലും പരിസ്ഥിതി സൗഹൃദ വ്യവസായങ്ങൾ ആരംഭിക്കുന്നതിന്റെ പ്രാധാന്യം ഊന്നിപ്പറയാറുണ്ട്. ഈസ് ഓഫ് ഡൂയിങ് ബിസിനസ് പദ്ധതി പ്രാവർത്തികമാകുന്ന മുറക്ക് അനുമതി വേഗത്തിൽ ലഭ്യമാകുന്നതാണ്. നടപടിക്രമങ്ങൾ ലഘൂകരിച്ച് നിലവിലുള്ള നിയമങ്ങളിലും ചട്ടങ്ങളിലും ആവശ്യമായ ഭേദഗതി വരുത്തി വ്യാവസായിക അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശം ഇതിന്റെ ഭാഗമായി പരിഗണിച്ചു വരുന്നു. |
| (ബി) ഇത്തരം വ്യവസായങ്ങൾക്ക് അനുമതി വേഗത്തിൽ ലഭ്യമാക്കുന്നതിനും ഇവർക്ക് കൂടുതൽ ഇളവുകൾ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (ബി) : |
| (സി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കാമോ ? | (സി) : |

സെക്ഷൻ ഓഫീസർ.